## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 607** 08.08.2017-ൽ **മറുപടിക്ക്**

## വൈദ്യുത കാറുകൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ

| | ചോദ്യം<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്:** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുത കാറുകൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ തുടങ്ങാൻ വൈദ്യുതി ബോർഡിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | തിരുവനന്തപുരത്ത് പട്ടം വൈദ്യുതി ഭവനം വളപ്പ്, എറണാകുളത്തെ മറൈൻ ഡ്രൈവിലുള്ള ജി. ഐ. എസ്. സബ് സ്റ്റേഷൻ, കോഴിക്കോട് വൈദ്യുതി ഭവനം വളപ്പ് എന്നീ മൂന്ന് കേന്ദ്രങ്ങളിലായി വൈദ്യുത കാറുകൾ വാടകയ്ക്ക് നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ പ്രസ്തുത കേന്ദ്രങ്ങളിൽ സൗരോർജ്ജത്തിൽ നിന്നും ഗ്രിഡിൽനിന്നും വൈദ്യുത കാറുകൾ ചാർജ്ജ് ചെയ്യുന്നതിനു വേണ്ടിയുള്ള ഉപകരണവും, കൂടാതെ തിരുവനന്തപുരം ടെക്നോപാർക്കിൽ ഇത്തരം വാഹനം ചാർജ്ജ് ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിലുണ്ട്. |
| (ബി) | എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മൂന്ന് കേന്ദ്രങ്ങൾ |
| (സി) | ഈ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ കേന്ദ്രങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യാവുന്ന സംവിധാനവും മണിക്കൂറിന് 100 രൂപ ക്രമത്തിൽ പരമാവധി 4 മണിക്കൂർ വരെ വാടകയ്ക്ക് ഉപയോഗിക്കാവുന്ന വൈദ്യുത കാറും പൊതുജനങ്ങൾക്ക് ലഭ്യമാവും. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് ചെലവഴിക്കുക എന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതികൾക്കായി 1.715 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. |

Kemalelle.

**സെക്ഷൻ ഓഫീസർ**